വഴിവെളിച്ചം

# നേർമാർഗത്തിന്റെ ഉപമ

عَنِ النَّوَّاسِ بْنِ سَمْعَانَ الْأَنْصَارِيِّ عَنْ رَسُولِ اللَّهِ صَلَّى اللَّهُ عَلَيْهِ وَسَلَّمَ قَالَ ضَرَبَ اللَّهُ مَثَلًا صِرَاطًا مُسْتَقِيمًا وَعَلَى جَنْبَتَيِ الصِّرَاطِ سُورَانِ فِيهِمَا أَبْوَابٌ مُفَتَّحَةٌ وَعَلَى الْأَبْوَابِ سُتُورٌ مُرْخَاةٌ وَعَلَى بَابِ الصِّرَاطِ دَاعٍ يَقُولُ أَيُّهَا النَّاسُ ادْخُلُوا الصِّرَاطَ جَمِيعًا وَلَا تَتَفَرَّجُوا وَدَاعٍ يَدْعُو مِنْ جَوْفِ الصِّرَاطِ فَإِذَا أَرَادَ اَن يَفْتَحَ شَيْئًا مِنْ تِلْكَ الْأَبْوَابِ قَالَ وَيْحَكَ لَا تَفْتَحْهُ فَإِنَّكَ إِنْ تَفْتَحْهُ تَلِجْهُ وَالصِّرَاطُ الْإِسْلَامُ وَالسُّورَانِ حُدُودُ اللَّهِ تَعَالَى وَالْأَبْوَابُ الْمُفَتَّحَةُ مَحَارِمُ اللَّهِ تَعَالَى وَذَلِكَ الدَّاعِي عَلَى رَأْسِ الصِّرَاطِ كِتَابُ اللَّهِ عَزَّ وَجَلَّ وَالدَّاعِي فَوْقَ الصِّرَاطِ وَاعِظُ اللَّهِ فِي قَلْبِ كُلِّ مُسْلِمٍ

**നവ്വാസുബ്നു സംആനി(റ)ൽനിന്ന്: നബി(സ) പറഞ്ഞു: "അല്ലാഹു ഉദാഹരിക്കുന്നു. നേരായ ഒരു പാത. പാതയുടെ ഇരുവശത്തും ഭിത്തികൾ. അവയിൽ തുറന്നു കിടക്കുന്ന വാതിലുകൾ. ആ വാതിലുകൾക്കുമേൽ വിരികൾ താഴ്ത്തിയിട്ടിരിക്കുന്നു. പാതയുടെ തുടക്കത്തിൽ ഒരു വിളിയാളകനുണ്ട്. അയാൾ വിളിച്ചു പറയുന്നു: 'ഹേ, ജനങ്ങളേ, നിങ്ങൾ ഒന്നടങ്കം ഈ വഴിയിൽ പ്രവേശിക്കുക; ഒരാളും വഴി തെറ്റിപ്പോവരുത്.' പാതയുടെ അകത്തും ഒരു വിളിയാളകനുണ്ട്. ആ വാതിലുകളിൽ ഏതെങ്കിലുമൊന്നിന്റെ വിരികൾ ആരെങ്കിലും ഉയർത്താൻ ശ്രമിച്ചാൽ അയാൾ ഓർമിപ്പിക്കുന്നു: 'നിനക്ക് നാശം! നീ അത് തുറക്കാതിരിക്കുക. തുറന്നാൽ നീ അതിൽ പതിച്ചതു തന്നെ!' നബി(സ) തുടരുന്നു: ആ പാത ദീനുൽ ഇസ്‌ലാമാണ്; ഭിത്തികൾ അല്ലാഹുവിന്റെ നിയമ പരിധികളും. അല്ലാഹു വിരോധിച്ച കാര്യങ്ങളാണ് തുറന്നു കിടക്കുന്ന വാതിലുകൾ. വഴിയുടെ ആരംഭത്തിലെ വിളിയാളകൻ ദൈവിക ഗ്രന്ഥമാണ്; അകത്തെ വിളിയാളകൻ, ഓരോ മുസ്‌ലിമിന്റെയും ഹൃദയത്തിലുള്ള, അല്ലാഹുവിനെ ഓർമിപ്പിക്കുന്ന ഉപദേശി."***

**ക്ലിഷ്ടമായ** ആശയങ്ങൾ ഉപമകളിലൂടെയും കഥകളിലൂടെയും സാധാരണക്കാർക്കുപോലും ഉൾക്കൊള്ളാൻ കഴിയുമാറ് ലളിതമായി വിശദീകരിക്കുന്നത് നബിയുടെ സവിശേഷമായ അധ്യാപന രീതികളിലൊന്നാണ്. ഈ തിരുവചനവും വിശാലമായ ഒരു ആശയപ്രപഞ്ചം ചിന്താശീലർക്കു മുമ്പിൽ തുറന്നുവെക്കുന്നു.

വക്രതയില്ലാത്ത, തെളിഞ്ഞ ഒരു പാതയോടാണ് സത്യദീനിനെ പ്രവാചകൻ(സ) ഉപമിച്ചിരിക്കുന്നത്. ദൈവിക സന്മാർഗത്തെ കുറിക്കാൻ 'നേർവഴി' എന്ന പ്രയോഗം വിശുദ്ധ ഖുർആനിൽ അനേകം സ്ഥലങ്ങളിൽ വന്നിട്ടുണ്ട്. ഇസ്‌ലാമിന്റെ ലാളിത്യ വിശാലതയിലേക്കും പ്രകൃതിയോടും ജീവിതത്തോടും അതിനുള്ള അന്യാദൃശമായ താളൈക്യത്തിലേക്കുമാണ് ഈ പ്രയോഗം വിരൽചൂണ്ടുന്നത്. ദീൻ ഒരു നേർരേഖയാണ്. ഇടത്തോട്ടോ വലത്തോട്ടോ അത് ചാഞ്ചാടുന്നില്ല. ഇടവഴികളും കുറുക്കുവഴികളുമായി ഒരിടത്തും അതവസാനിക്കുന്നില്ല. ജീവിതം പോലെ, അനന്തതയിലേക്ക് അത് നീണ്ടുകിടക്കുന്നു.

വഴിയുടെ ഇരു പാർശ്വങ്ങളിലുമായി ഉയർന്നുനിൽക്കുന്ന ചുമരുകൾ അല്ലാഹു നിശ്ചയിച്ചു കൊടുത്ത വിധിവിലക്കുകളാകുന്ന 'അതിരടയാളങ്ങളാ'ണ്. ആ വേലിക്കെട്ടുകൾ തകർക്കുകയോ അതിലംഘിക്കുകയോ ചെയ്യാവതല്ല. അങ്ങനെ ചെയ്യുന്നവർ നേർമാർഗത്തിൽനിന്ന് സ്വയം തെറിച്ചുപോകും. ഖുർആൻ ഈ വസ്തുത ഇപ്രകാരം വ്യക്തമാക്കുന്നു: "അല്ലാഹുവിനെയും അവന്റെ ദൂതനെയും ധിക്കരിക്കുകയും അവന്റെ അതിരടയാളങ്ങൾ ലംഘിക്കുകയും ചെയ്യുന്നവനെ അല്ലാഹു നരകത്തീയിൽ പ്രവേശിപ്പിക്കുന്നതാണ്. അവനതിൽ ശാശ്വതവാസിയായിരിക്കും. നിന്ദ്യമായ ശിക്ഷയാണ് അവനെ കാത്തിരിക്കുന്നത്" (*സൂറഃ അന്നിസാഅ്:* 14).

ജീവിതം പരീക്ഷണാലയമാണ്. നന്മചെയ്ത് ജീവിക്കുന്നവർക്ക് അങ്ങനെ ജീവിക്കാനും തിന്മകളിൽ മുഴുകുന്നവർക്ക് അപ്രകാരം മുന്നോട്ടുപോകാനും സൗകര്യവും സ്വാതന്ത്ര്യവും നൽകിയിട്ടുണ്ട്. ബലപ്രയോഗം ഒരു കാര്യത്തിലും അല്ലാഹു ഇഷ്ടപ്പെടുന്നില്ല. ഒരാൾ ആഗ്രഹിക്കുന്നുവെങ്കിൽ അയാൾക്ക് നന്മയുടെ വഴിത്താരയിലൂടെ സഞ്ചരിച്ച് അല്ലാഹുവിന്റെ പ്രീതിയും കാരുണ്യവും കരസ്ഥമാക്കാം. അല്ലെങ്കിൽ കുറ്റകൃത്യങ്ങളുടെ കവാടങ്ങളിലൂടെ നേർമാർഗത്തിൽനിന്ന് പുറത്തുകടന്ന് അല്ലാഹുവിന്റെ ശാപകോപങ്ങൾക്ക് പാത്രമാവാം. രണ്ടിനുമുള്ള സൗകര്യങ്ങൾ അല്ലാഹു ഒരുക്കിയിരിക്കുന്നു. 'വഴിയുടെ ഇരുവശത്തുമായി തുറന്നു കിടക്കുന്ന വാതിലുകൾ' ഈ ആശയമാണ് പ്രകാശിപ്പിക്കുന്നത്.

'താഴ്ത്തിയിട്ട വിരികൾ' കൊണ്ട് തെറ്റുകുറ്റങ്ങളുടെ കവാടങ്ങൾ അല്ലാഹു മറച്ചുപിടിച്ചിരിക്കുന്നു. മനുഷ്യപ്രകൃതിയോടുള്ള അല്ലാഹുവിന്റെ കാരുണ്യമാണിത്. തെറ്റുകുറ്റങ്ങൾക്കും മനുഷ്യരുടെ ശുദ്ധ പ്രകൃതിക്കും ഇടയിൽ ഒരു മറയും വിരിയുമിട്ട് അല്ലാഹു അവരെ അനുഗ്രഹിക്കുകയാണ്. ആ വിരികൾക്കപ്പുറത്തേക്ക് എത്തിനോക്കാൻ ശ്രമിക്കുകയും അല്ലാഹു മറച്ചുവെച്ചത് കാണാൻ കൗതുകം കാണിക്കുകയും ചെയ്താൽ അത്തരക്കാർ നേർമാർഗത്തിൽനിന്ന് വഴുതി പിശാചിന്റെ കെണിയിൽ വീഴും. നേർമാർഗത്തിൽ ഉറച്ചുനിൽക്കാൻ കടുത്ത ജാഗ്രതയും മുന്നൊരുക്കവും വേണമെന്നർഥം.

'തെറ്റുകുറ്റങ്ങളുടെ കവാടങ്ങൾ തുറക്കാതിരിക്കുക' എന്ന മുന്നറിയിപ്പുമായി ഒരു വിളിയാളകനെ കൂടി അല്ലാഹു ഏർപ്പാട് ചെയ്തിരിക്കുന്നു. വഴിയുടെ അകത്ത് എപ്പോഴും ഈ

മുന്നറിയിപ്പുകാരനുണ്ട്. വിശ്വാസിയുടെ ഹൃദയത്തിൽ സദാ സമയവും ജാഗ്രതയോടെ ഉണർന്നിരിക്കുന്ന 'ഈമാനിക മനസ്സാക്ഷി'യത്രെ ഈ കാവൽക്കാരൻ.

പാതയുടെ മുൻവശത്ത്, അതിന്റെ കവാടത്തിൽതന്നെ നിലയുറപ്പിച്ച മറ്റൊരു ഉപദേഷ്ടാവിനെക്കുറിച്ചും പറയുന്നുണ്ട്. മനുഷ്യവർഗത്തിന് കാരുണ്യവും സന്മാർഗവുമായി അല്ലാഹുവിൽനിന്ന് അവതീർണമായ ദൈവിക ഗ്രന്ഥമത്രെ അത്. 'ജനങ്ങളെ അന്ധകാരത്തിൽനിന്ന് പ്രകാശത്തിലേക്ക് വഴിനടത്തുക' എന്നതാണ് അതിന്റെ ദൗത്യം.

"നിശ്ചയം, ഈ ഖുർആൻ ഏറ്റവും ചൊവ്വായതിലേക്ക് മാർഗദർശനം ചെയ്യുന്നു" (17:9)

മേൽപറഞ്ഞ സർവ മുന്നറിയിപ്പുകളെയും അവഗണിച്ച് പൈശാചികതയുടെയും ദേഹേഛകളുടെയും ആപത്കരമായ മാർഗങ്ങളിൽ ദുശ്ശാഠ്യത്തോടെ കടന്നുചെല്ലുന്നവൻ പാതയിൽനിന്ന് ബഹുദൂരം അകന്നുപോയിരിക്കുന്നു.

**ജഅ്ഫർ എളമ്പിലാക്കോട്**

** ഇമാം അഹ്മദ്, ഹാകിം തുടങ്ങിയവർ ഉദ്ധരിച്ച ഈ നബിവചനത്തിന്റെ നിവേദകപരമ്പര ഹസൻ ആണെന്ന് പ്രമുഖ ഹദീസ് പണ്ഡിതൻ ഹാഫിള് അൽ മുൻദിരി അത്തർഗീബു വത്തർഹീബ് എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.*